# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5944**

08/07/2013 - ലെ മറുപടിയ്ക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ കാലവർഷത്തിലുണ്ടായ കൃഷിനാശം

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പലയിടത്തും കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷക്കെടുതിയിൽ ഉണ്ടായ കൃഷിനാശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; കൊയിലാണ്ടി മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷിനാശമാണ് തിട്ടപ്പെടുത്തിയത്; കൃഷി നഷ്ടപ്പെട്ട കർഷകർ എത്ര; കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനഷ്ടം, കർഷകരുടെ അധ്വാനം, ഉൽപ്പന്നത്തിന്റെ വിപണനം വഴി കിട്ടാവുന്ന ആദായം, അതുവഴി ഉണ്ടാവുന്ന വരുമാനത്തിന്റെ അളവ് എന്നിവ കണക്കിലെടുത്ത് നഷ്ടപരിഹാരം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം ഇത്തരം പ്രകൃതിദുരന്തങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാർഷിക മേഖലയിൽ ഉൽപാദന വളർച്ചയും കാർഷിക വളർച്ചയും സാധ്യമാകുന്നതിന് ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ;

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഉണ്ട്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ 321 കർഷകർക്ക് 8.708 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. കൃഷിഭവൻ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കൃഷി ഭവൻ | നഷ്ടം (ലക്ഷത്തിൽ) | കർഷകരുടെ എണ്ണം |
|---|---|---|
| കൊയിലാണ്ടി | 4.2 | 61 |
| മൂടാടി | 0.054 | 7 |
| ചെങ്ങോട്ടുകാവ് | 2.0 | 210 |
| ചേമഞ്ചേരി | 1.0 | 16 |
| തിക്കോടി | 0.40 | 14 |
| പയ്യോളി | 1.054 | 13 |
| ആകെ | 8.708 | 321 |

(സി) കൃഷിനഷ്ടം, കർഷകരുടെ അദ്ധ്വാനം, ഉൽപ്പന്നത്തിന്റെ വിപണനം വഴി കിട്ടാവുന്ന ആദായം, അതുവഴി ഉണ്ടാവുന്ന വരുമാനത്തിന്റെ അളവ് എന്നിവ കണക്കിലെടുത്തുകൊണ്ട്, സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്ന് പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിന് നൽകി വരുന്ന നഷ്ടപരിഹാര തുകയുടെ തോത് 01/04/2012 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലാണ് നിലവിൽ നഷ്ടപരിഹാരം അനുവദിക്കുന്നത്.

(ഡി) ഇല്ല.
കാർഷിക മേഖലയിൽ ഉല്പാദന വളർച്ചയും കാർഷികാഭിവൃത്തിയും സാധ്യമാക്കുന്നതിന് 2013-14 വർഷത്തിൽ 808.16 കോടി രൂപയ്ക്കുള്ള പദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 779.56 കോടി രൂപ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാനും 28.6 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനുമായി മാറ്റി വച്ചിരിക്കുന്നു

കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവ്, വിപണന സൗകര്യം മെച്ചപ്പെടുത്തൽ, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കൽ, നെല്ല്, നാളികേര സംഭരണം എന്നിവയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഇ)** മുൻ സർക്കാരിന്റെ കാലത്ത് കാർഷിക കടാശ്വാസം നടപ്പിലാക്കിയ മാതൃകയിൽ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ വിശദമാക്കാമോ;

**(ഇ)** 18/03/2012 ന് കാലാവധി അവസാനിച്ച കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഗണിച്ച് ജില്ലയിലെ കർഷകരുടെ 31/10/2011 വരെയുള്ള കാർഷിക കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശയിനത്തിൽ 15/03/2013 ൽ കൊടുത്തുതീർക്കാൻ അവശേഷിക്കുന്ന കുടിശ്ശികത്തുക മുഴുവൻ (വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺ ടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്ക്) എഴുതിത്തള്ളുമെന്നും ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് സഹകരണ ബാങ്കുകളിൽ നിന്ന് പലിശരഹിത വായ്പ ഉറപ്പാക്കുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**(എഫ്)** സംസ്ഥാനത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷിഭൂമി സംരക്ഷിക്കാനും പാടശേഖരങ്ങൾ കൃഷിയ്ക്ക് ഉപയോഗപ്പെടുത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**(എഫ്)** ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 210.75 ലക്ഷം രൂപ ചെലവഴിച്ച്, തരിശായിക്കിടന്ന 1005 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പു വർഷം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു വരുന്നു. ഇതിന് പുറമെ പാടശേഖരങ്ങൾ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന, വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ജി)** കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വെളിയന്നൂർ ചല്ലി കൃഷിയോഗ്യമാകുന്നതിനായി ലഭിച്ച അപേക്ഷ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഈ പ്രദേശം കൃഷിയോഗ്യമാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ; ആവശ്യമായ പണം വകയിരുത്തുമോ ?

**(ജി)** വെളിയന്നൂർചല്ലി കൃഷിയോഗ്യമാക്കുന്നതിനായി പാടശേഖര സമിതികളുടെ യോഗം വിളിച്ചുചേർത്ത്, പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ സ്ഥലപരിശോധന നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **സുസ്ഥിര നെൽകൃഷി വികസനം:**

നെൽകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ ഉൽപ്പാദനോപാധികളുടെ ചെലവിനായി ഹെക്ടറൊന്നിന് 1500/- രൂപ നിരക്കിലും ആർ.കെ.വി.വൈ. പദ്ധതിയിൽ ഹെക്ടറിന് 3000/- രൂപ നിരക്കിലും ആകെ ഹെക്ടറിന് 4,500/- രൂപ സബ്സിഡി നൽകി 1,80,000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

2. **കരനെൽകൃഷി വികസനം:**

ഹെക്ടറിന് 7500/- രൂപ സബ്സിഡി നൽകി 4000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

3. **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം**

ഈ പദ്ധതി പ്രകാരം 6 ജില്ലകളിലായി പൊക്കാളി, ബസ്മതി, ഞവര എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ സബ്സിഡി നൽകി 250 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

4. **നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്.**

നെൽകൃഷിക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെ 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു.

5. **ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ**

260 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു.

6. **നെൽകൃഷി ഉൽപ്പാദന ബോണസ്**

ഹെക്ടറിന് 1000/- രൂപ നിരക്കിൽ നെൽകൃഷി ബോണസ് നൽകുന്നതിനായി 1130.4 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പുറമെ പി.പി.പി.എസ്.ആർ.ഐ. പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തനച്ചെലവ്, അടിസ്ഥാന സൗകര്യ വികസനം, ചെറുകിടനാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതിനൽകുന്ന പദ്ധതി മുതലായവയും നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ